സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തന്ത്രി ദക്ഷിണ വർദ്ധിപ്പിക്കണമെന്ന ആവശ്യം - തന്ത്രി ശ്രീ.കുഴിക്കാട്ട് അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.8437/11/എൻ.എസ്/മിസ്.1 നന്തൻകോട് , 23/11/2018.

---

പരാമർശം :
1. 5.4.2013-ലെ മേൽ നമ്പർ ബോർഡുത്തരവ്.
2. 3.4.18-ൽ ശ്രീ.കുഴിക്കാട്ട് അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാട് ഹാജരാക്കിയ അപേക്ഷ.
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസറുടെ 28.4.18-ലെ FAO 260/18/IAD നമ്പർ അഭിപ്രായം.
4. ദേവസ്വം കമ്മീഷണറുടെ 13.6.18-ലെ ആർ.ഒ.സി.21620/76/പി.ആർ നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങളിലെ തന്ത്രിമാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് അഖില കേരള തന്ത്രി സമാജം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തന്ത്രി ദക്ഷിണ (600/-രൂപ) പരികർമ്മി ദക്ഷിണ (400/-രൂപ) തന്ത്രിയുടെ പരികർമ്മിക്കുള്ള വസ്ത്രവില (175/-രൂപ) തന്ത്രിയ്ക്കുള്ള ദിനബത്ത (250/-രൂപ) എന്നിവ പ്രത്യേകമായി ചെലവെഴുതി നൽകേണ്ടതില്ലായെന്നും അതിനു പകരമായി ഇവ ചേരുന്ന തുക (1425/-രൂപ) പ്രതിദിന ദക്ഷിണയായി തന്ത്രം നടത്തുന്ന മുഴുവൻ ദിവസങ്ങളിലേയ്ക്കും അതതു തന്ത്രിമാരുടെ പേരിൽ ഒന്നായി ചെലവെഴുതുന്നതിനും, ആവശ്യമുള്ള പരികർമ്മിയെ തന്ത്രിയുടെ ചുമതലയിൽ എത്തിക്കുന്നതിനും ഗ്രേഡ്-1 സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്ന റേറ്റിലുള്ള TA കൊടുക്കുന്നതിനും അനുവദിച്ച് ബോർഡുത്തരവ് പുറപ്പെടുവിച്ചു. (പരാമർശം.1)

തന്ത്രി ദക്ഷിണ 1425/-രൂപയിൽ നിന്നും 2500/-രൂപയായി വർദ്ധിപ്പിക്കണമെന്നും ഓരോ ചടങ്ങുകൾക്കുമുള്ള പ്രതിദിന ദക്ഷിണയ്ക്കു പുറമേ അധിക തുക നൽകണമെന്നും, യാത്രാബത്തയ്ക്കുള്ള ടൂറിസ്റ്റ് ടാക്സി റേറ്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് തന്ത്രി ശ്രീ.കുഴിക്കാട്ട് അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാട് പരാമർശം (2) അപേക്ഷ സമർപ്പിച്ചു.

പ്രസ്തുത അപേക്ഷയിന്മേൽ ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ, നിലവിൽ അനുവദിച്ചിട്ടുള്ള തുകയുടെ 20% വർദ്ധനവ് വരുത്താവുന്നതാണെന്നും മറ്റ് നിബന്ധനകളിൽ ഒന്നും തന്നെ മാറ്റം വരുത്തേണ്ടതില്ലായെന്നും അഭിപ്രായപ്പെട്ടു. (പരാമർശം.3)

(മറുപുറം)

GDP

തുടർന്ന് ദേവസ്വം കമ്മീഷണറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ, നിലവിലുള്ള തന്ത്രി ദക്ഷിണയുടെ 20% വർദ്ധനവ് വരുത്താവുന്നതാണെന്ന് ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള തുകയായ 1,425/-രൂപയുടെ 20% വർദ്ധനവ് വരുത്തി 1,710/-രൂപ തന്ത്രി ദക്ഷിണയായി അനുവദിക്കാമെന്ന് അറിയിച്ചു. (പരാമർശം.4)

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തന്ത്രി ദക്ഷിണ കാലോചിതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് തന്ത്രി ദക്ഷിണ 1,425/-രൂപയിൽ നിന്നും 2,000/-(രണ്ടായിരം) രൂപയായി വർദ്ധിപ്പിച്ച് ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4) ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5) എല്ലാ ആഫീസ് മേധാവികൾക്കും
6) അഖില കേരള തന്ത്രി സമാജം, ദക്ഷിണ മേഖല ഘടകം, കാവുംഭാഗം, തിരുവല്ല
7) ~~തന്ത്രി~~ ശ്രീ.കുഴിക്കാട്ട് അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാട്, തറയിൽ കുഴിക്കാട്ട് ഇല്ലം, തിരുവല്ല
8) സെക്ഷൻ ഫയൽ
9) ഫയൽ ബുക്ക്
10) ആഫീസ്കോപ്പി

MB

അംഗീകാരത്തോടെ

✓Edp section

Dey
അസിസ്റ്റന്റ് സെക്രട്ടറി